NOVEMBER 2026 Palakkad Rupatha Bulletin
549/2026
17/10/2026

വിജ്ഞാപനം 07

ബഹു. വൈദികരേ, സ്നേഹമുള്ള സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ഒരു മിഷൻ രൂപതയെന്ന് എല്ലാ അർത്ഥത്തിലും വിശേഷിപ്പിക്കുന്ന പാലക്കാട് രൂപതയുടെ പ്രേഷിതശുശ്രൂഷകൾ കേരളത്തിന് പുറത്തേക്ക് വ്യാപിപ്പിച്ചുകൊണ്ട് പഞ്ചാബിലെ ദബ്‌വാലിയിൽ കേന്ദ്രീകരിച്ച് ദൗത്യം ആരംഭിച്ചിട്ട് ആറു വർഷത്തോളമായി. പലവിധ വെല്ലുവിളികൾ നിറഞ്ഞ പ്രസ്തുത ഗ്രാമീണ മണ്ണിൽ, ക്രൈസ്തവ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കാരുണ്യസ്പർശവുമായി ആരംഭിച്ച സെന്റ് മേരീസ് മിഷൻ സെന്ററിനെ ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി നല്ല ഇടയൻ പടിപടിയായി വളർത്തിക്കൊണ്ടിരിക്കുന്നു.

എല്ലാ മനുഷ്യരെയും രക്ഷയുടെ സുവിശേഷം അറിയിക്കാനുള്ള ദൗത്യം നിറവേറ്റാൻ നമ്മുടെ രൂപത ഏറ്റെടുത്ത ദബ്‌വാലി പ്രദേശം, സീറോ മലബാർ സഭയിലെ ഫാരിദാബാദ് അതിരൂപതയിലാണ്.

നമ്മുടെ ഈ മിഷൻ സെന്ററിൽ സെന്റ് മേരീസ് ദൈവാലയത്തിന്റെയും വൈദിക ഭവനത്തിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിൽ എത്തിയെന്നും ദൈവാലയത്തിന്റെ കൂദാശ കർമ്മവും വൈദിക ഭവനത്തിന്റെ വെഞ്ചിരിപ്പും ഒക്ടോബർ മാസം 31, ശനിയാഴ്ച നടത്താനാണ് നിശ്ചയിച്ചിരിക്കുന്നു എന്നുള്ള എന്ന സന്തോഷവാർത്ത നിങ്ങൾ ഇതിനകം അറിഞ്ഞു കാണുമല്ലോ. ആയതിലേക്ക് നമ്മുടെ വൈദികരുടെയും ദൈവജനത്തിന്റെയും പ്രാർത്ഥനയും ആത്മീയ സാന്നിധ്യവും താത്പര്യപൂർവം പ്രതീക്ഷിക്കുന്നു. ദൈവാനുഗ്രഹത്താലും നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനയാലും സഹകരണത്താലും മാത്രമാണ് ഇത് ഇത്രത്തോളം പൂർത്തിയാക്കാൻ സാധിച്ചത്. നമ്മുടെ വൈദിക കൂട്ടായ്മയുടെ പിന്തുണയിൽ അഭിവന്ദ്യ ജേക്കബ് മാനത്തോടത്ത് പിതാവ് തുടങ്ങിവച്ച ഈ പ്രേഷിത ദൗത്യം നമ്മൾ ധീരമായി മുമ്പോട്ട് കൊണ്ടുപോകുക തന്നെവേണം.

ബഹു. സോജി ഓലിക്കൽ അച്ചന്റെ ആദ്യകാല പ്രേഷിത സാന്നിധ്യവും ശുശ്രൂഷകളുംകൊണ്ട് തുടക്കമിട്ട്, നമ്മുടെ സ്വന്തം രാജ്യത്തിന്റെ ഒരു കൊച്ചു പ്രദേശം പാലക്കാട് രൂപതയുടെ പ്രേഷിത ഭൂമിയായി ഒരുക്കിയെടുക്കാൻ ഇതിന്റെ പ്രാരംഭകരായ ബഹു. ആന്റോ

തൈക്കാട്ടിൽ അച്ചനും സഹവൈദികരും നന്നായി യത്നിച്ചു. തീവ്രത്യാഗം സഹിച്ച് അവർ തുടങ്ങിവച്ച പ്രേഷിതപ്രവർത്തനങ്ങൾ പതിമടങ്ങു ഫലമണിയാൻ തുടങ്ങിയിരിക്കുന്നു. അതിന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട കാരണം ബഹു. ജോസ് ആലുക്കക്കുന്നേൽ അച്ചന്റെ പ്രതിസന്ധികളിൽ പതറാത്ത മിഷൻ നേതൃത്വവും ബഹു. ആൽബിൻ വെട്ടിക്കാട്ട്, ബഹു. ഫ്രെഡ്ഡി കാഞ്ഞിരത്തിങ്കൽ എന്നീ വൈദികരുടെ സഹപ്രവർത്തനവും ഒത്തുചേരുന്നു എന്നതാണ്. ലഭിച്ച താലന്ത് ഇരട്ടിയാക്കി വർധിപ്പിച്ച വിശ്വസ്തനായ ഭൃത്യരെപോലെ അവർ പ്രേഷിത ഭൂമിയിൽ അധ്വാനിക്കുന്നു. കഷ്ടപ്പാടുകൾക്കിടയിലും സന്മനസോടെ സേവനം അനുഷ്ഠിക്കുന്ന നമ്മുടെ വൈദികർക്കും, പഞ്ചാബ് മിഷനെ സാമ്പത്തികമായും പ്രാർത്ഥനയിലൂടെയും വളർത്തുന്ന എല്ലാ നല്ലവരായ വിശ്വാസികൾക്കും രൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. വിളഭൂമിയിലേക്ക് വേലക്കാരെ വേണമെന്നുള്ള നമ്മുടെ കർത്താവിന്റെ തീരാത്ത ആഗ്രഹം നിറവേറ്റാൻ, പ്രാർത്ഥിച്ചും ഇതര സഹായങ്ങൾ നൽകിയും വൈദികശുശ്രൂഷകരെ അയച്ചും നമ്മുടെ രൂപതാകുടുംബം പരിശ്രമിക്കുന്നു.

ദൈവാലയത്തിന്റെയും മറ്റ് അത്യാവശ്യ സൗകര്യങ്ങളുടെയും നിർമ്മാണ ഘട്ടത്തിൽ, ഉദാരമനസ്സോടെ മുന്നോട്ടുവന്ന് വിവിധ ആവശ്യങ്ങൾ ഏറ്റെടുത്ത് സ്പോൺസർ ചെയ്ത എല്ലാ വ്യക്തികളെയും കുടുംബങ്ങളെയും ഇടവക സമൂഹത്തെയും ഞാൻ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. ഫരിദാബാദ് അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ കുര്യാക്കോസ് ഭരണികുളങ്ങര പിതാവ് നൽകുന്ന പരിഗണനക്കും ശ്രീ സെബാസ്റ്റ്യൻ, ശ്രീ ആന്റോ തുടണ്ടത്തിൽ എന്നിവരുടെ നല്ല മനസിനും പ്രോത്സാഹനത്തിനും എത്ര നന്ദി പറഞ്ഞാലും മതിയാവില്ല. സി.എസ്.ടി. പഞ്ചാബ് പ്രൊവിൻസ് സുപ്പീരിയർ പെരിയ ബഹു. ജോർജ് ആലുക്ക അച്ചന്റെയും, പഞ്ചാബിലെ പ്രസിദ്ധ ധ്യാന പ്രസംഗകനായ ബഹു. ബേസിൽ മൂക്കൻതോട്ടത്തിൽ അച്ചന്റെയും ഡി.എം സിസ്റ്റേഴ്സിന്റെയും സഹായ സഹകരണങ്ങൾക്ക് നന്ദിയുണ്ട്.

മിഷൻ സെന്റർ വളരുകയാണല്ലോ. ഇനിയും ഏറെ കാര്യങ്ങൾ അവിടെ പൂർത്തിയാകേണ്ടതുണ്ട്. സ്പോൺസർ ചെയ്ത് സഹായിക്കാൻ ഇനിയും അവസരമുണ്ട്. അതിന് സാധിക്കുന്നവർ നിങ്ങളുടെ ബഹു. വികാരിയച്ചന്മാരെ അറിയിച്ചാൽ മതിയാകും. മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക എന്നത് ക്രിസ്തുവിന്റെ സുവിശേഷം ലോകമെമ്പാടും അറിയിക്കാനുള്ള നമ്മുടെ ഓരോരുത്തരുടെയും വിളിയാണ്. നമ്മുടെ രൂപതയുടെ ഈ വർഷത്തെ

മിഷൻഞായർ സംഭാവന പൂർണ്ണമായും പഞ്ചാബ് മിഷൻ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുന്നതാണ്. ബഹു. വികാരിയച്ചന്മാർ ആ സംഭാവന നൽകിയവരുടെ നിയോഗം മാനിച്ച് തുക മുഴുവനുമായി 2026 നവംബർ 15 ന് മുമ്പ് രൂപതാകാര്യാലയത്തിൽ എത്തിക്കണം. നമ്മുടെ മിഷനറി വൈദികരെ പിന്തുണക്കാനും മിഷൻ പ്രവർത്തനങ്ങൾ വിജയിക്കാനും ഓരോ കുടുംബവും സംഭാവന നിക്ഷേപിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മൾ നൽകുന്ന ചെറിയൊരു സഹായം പോലും പഞ്ചാബിലെ നമ്മുടെ നവക്രൈസ്തവ സഹോദരങ്ങൾക്കും പ്രേഷിത ശുശ്രൂഷകർക്കും വലിയ താങ്ങായി മാറും, അവരുടെ ആത്മവിശ്വാസം വർധിപ്പിക്കും.

ദൈവരാജ്യ ശുശ്രൂഷയിൽ ഒത്തൊരുമയോടെ പങ്കുചേരാനും എല്ലാവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു. സന്മനസ്സോടെ ഉദാരമായി നൽകുന്നവനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വരും നാളുകളിൽ കൂടുതൽ ഫലപ്രദമായ രീതിയിൽ ഈ ദൗത്യം മുന്നോട്ട് കൊണ്ടുപോകാനും, പ്രേഷിത മണ്ണിൽ വചനത്തിന്റെ പ്രകാശവിളക്കുകൾ കൂടുതൽ പ്രകാശമാനമാക്കാനും നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം, യത്നിക്കാം. ഇപ്പോൾ നമ്മൾ അർപ്പിച്ചുവരുന്ന ജപമാല പ്രാർത്ഥനകളിൽ നമ്മുടെ പുതിയ പ്രേഷിത ഭൂമിയെയും അവിടെയുള്ള പ്രേഷിത സഹോദരങ്ങളെയും പ്രത്യേകം സമർപ്പിക്കാം.

+ Peter Kochupurackal

ബിഷപ്പ് പീറ്റർ കൊച്ചുപുരയ്ക്കൽ
പാലക്കാട് രൂപതയുടെ മെത്രാൻ